بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

**ജുമുഅഃ ഖുത്വ്ബ**

**സംഗ്രഹം**

**08-08-2025**

# മക്കാവിജയ വേളയിൽ ഇസ്‌ലാം മതം സ്വീകരിച്ച ചിലർ

സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് (അയ്യദഹുല്ലാഹ്..) യു.കെ യിലെ ഇസ്‌ലാമാബാദിൽ വച്ച് നിർവഹിച്ചത്

اَشۡهَدُ اَنۡ لَّاۤ اِلٰهَ اِلَّا اللّٰهُ وَحۡدَهٗ لَا شَرِيۡكَ لَهٗ وَاَشۡهَدُ اَنَّ مُحَمَّدًا عَبۡدُهٗ وَرَسُوۡلُهٗ

اَمَّا بَعۡدُ فَاَعُوۡذُ بِاللّٰهِ مِنَ الشَّيۡطٰنِ الرَّجِيۡمِ - بِسۡمِ اللّٰهِ الرَّحۡمٰنِ الرَّحِيۡمِ -

اَلۡحَمۡدُ لِلّٰهِ رَبِّ الۡعٰلَمِيۡنَ ○ الرَّحۡمٰنِ الرَّحِيۡمِ ○ مٰلِكِ يَوۡمِ الدِّيۡنِ ○ اِيَّاكَ نَعۡبُدُ وَاِيَّاكَ نَسۡتَعِيۡنُ ○

اِهۡدِنَا الصِّرَاطَ الۡمُسۡتَقِيۡمَ ○ صِرَاطَ الَّذِيۡنَ اَنۡعَمۡتَ عَلَيۡهِمۡ ۙ غَيۡرِ الۡمَغۡضُوۡبِ عَلَيۡهِمۡ وَلَا الضَّآلِّيۡنَ ○

തശഹ്ഹുദ്,തഅവ്വുദ്,സൂറത്തുൽഫാത്തിഹഎന്നിവഓതിയശേഷംഹുസൂർതിരുമനസ്സ് (അയ്യദഹുല്ലാഹു) പറഞ്ഞു:

ജൽസക്ക് മുമ്പ് മക്കാവിജയ സംഭവങ്ങൾ വിവരിക്കുകയായിരുന്നു. ഇസ്‌ലാമിന്റെ ചില ആദ്യകാല ബദ്ധവൈരികൾ ഇസ്‌ലാം സ്വീകരിച്ചതിനെക്കുറിച്ച് ഞാൻ പരാമർശിച്ചിരുന്നു. അതിൽ ഇനിയും ചിലരെക്കുറിച്ച് പറയാനുണ്ട്.

വഹ്ശി ബിൻ ഹർബ് ഉഹുദ് യുദ്ധത്തിൽ ഹദ്റത്ത് ഹംസയെ ശഹീദാക്കിയിരുന്നു. മക്കാവിജയത്തിനു ശേഷം ഇയാൾ ത്വാഇഫിലേക്ക് പലായാനം ചെയ്തു. ത്വാഇഫിലെ ആളുകൾ ഇസ്‌ലാം സ്വീകരിച്ചപ്പോൾ, ഇയാൾ തിരികെ വന്ന് ഇസ്‌ലാം സ്വീകരിച്ചു. അയാൾ ഇസ്‌ലാം സ്വീകരിച്ചത് അറിയിച്ചപ്പോൾ റസൂലുല്ലാഹി(സ) അയാളോട് തന്റെ മുഖം കാണിക്കാതിരിക്കാനാകുമോ എന്ന് ചോദിച്ചു. പിന്നീട് റസൂലുല്ലാഹി(സ)യുടെ വിയോഗശേഷം മുസൈലിമത്തുൽ കദ്ദാബ് കലാപം സൃഷ്ടിച്ചപ്പോൾ ഹംസയുടെ കൊലപാതകത്തിന് പ്രായശ്ചിത്തം ചെയ്യാൻ വേണ്ടി മുസൈലിമയുടെ വധത്തിൽ പങ്കെടുത്തു. അയാൾ കുന്തം കൊണ്ട് ആക്രമിച്ച് അവനെ വധിച്ചു.

ഇതുപോലെ, അംറുബ്നു ഹാശിമിന്റെ അടിമയായ സാറയുണ്ടായിരുന്നു. അവൾ ഒരു ഗായികയായിരുന്നു. മക്കാ വിജയത്തിനു മുമ്പ് അവൾ നബി തിരുമേനി (സ)യുടെ അടുത്ത് വന്ന് വല്ലതും തരണമെന്ന് ആവശ്യപ്പെട്ടപ്പോൾ നബിതിരുമേനി (സ) ചോദിച്ചു: നീ ഇപ്പോൾ പാട്ടുകൾ പാടാറില്ലേ? അവൾ പറഞ്ഞു: ബദർ യുദ്ധത്തിൽ മുശ്‌രിക്കീങ്ങളുടെ നേതാക്കൾ കൊല്ലപ്പെട്ടതുമുതൽ അവർ പാട്ടുകൾ കേൾക്കുന്നത് നിർത്തി. നബിതിരുമേനി (സ) അവൾക്ക് ധാന്യം നിറച്ച ഒരു ഒട്ടകം സമ്മാനിച്ചു. അതിനുശേഷവും അവൾ ആക്ഷേപകവിതകൾ ചൊല്ലുന്നതിൽ നിന്ന് വിരമിച്ചില്ല. ഹദ്റത്ത് ഹാത്വിബിന്റെ കത്ത് കണ്ടെടുക്കപ്പെട്ടതും ഇവളുടെ പക്കൽ നിന്നാണ്. അവൾ ഇസ്‌ലാം സ്വീകരിച്ചു. ഹദ്റത്ത് ഉമറിന്റെ ഖിലാഫത്ത് കാലം വരെ ജീവിച്ചു.

അതേപോലെ, ഇബ്നു ഖതലിന്റെ അടിമയായ ഫർതനയും നബി തിരുമേനി (സ)യെക്കുറിച്ച് പരിഹാസ കവിതകൾ പാടുമായിരുന്നു. അവളും ഇസ്‌ലാം സ്വീകരിച്ചു.

ഹദ്റത്ത് ഹാരിഥ് ബിൻ ഹിശാം മക്കയിലെ ജനപ്രിയ നേതാവായിരുന്നു. അബൂജഹലിന്റെ പിതാവിന്റെ ഭാഗത്തു നിന്നുമുള്ള സഹോദരനായിരുന്നു. ഹദ്റത്ത് ഖാലിദ് ബിൻ വലീദിന്റെ സഹോദരിയായിരുന്നു അദ്ദേഹത്തിന്റെ ഭാര്യ. മക്കാ വിജയസമയത്ത്, ഹാരിഥും അബ്ദുല്ലാഹ് ബിൻ അബീ റബീഅയും ഹദ്റത്ത് ഉമ്മു ഹാനിയുടെ വീട്ടിൽ അഭയം തേടി. ഹദ്റത്ത് ഉമ്മു ഹാനി നബിതിരുമേനി(സ)യുടെ

അടുക്കൽ ചെന്ന് താൻ അവർക്ക് അഭയം നല്കിയിട്ടുണ്ടെന്ന് അറിയിച്ചു. അപ്പോൾ നബി തിരുമേനി(സ) ഹദ്റത്ത് ഉമ്മു ഹാനിയോട് പറഞ്ഞു: നീ അഭയം നല്കിയവർക്ക് നാമും അഭയം നല്കിയിരിക്കുന്നു. ഹാരിഥ് ബിൻ ഹിശാം കുറച്ചുദിവസങ്ങൾ കഴിഞ്ഞപ്പോൾ നബി തിരുമേനി (സ)യുടെ സവിധത്തിൽ ഹാജരായിക്കൊണ്ട് ശഹാദത്ത് കലിമ ചൊല്ലി. തിരുനബി പറഞ്ഞു: എല്ലാ സ്തുതിയും അല്ലാഹു വിനാകുന്നു. ഹാരിഥിനെപ്പോലുള്ള ഒരാൾക്ക് എങ്ങനെ ഇസ്‌ലാമിൽ നിന്ന് അകന്ന് നിൽക്കാൻ സാധിക്കും. ഹാരിഥ് പറഞ്ഞു: അല്ലാഹുവാണ! ഇസ്‌ലാമിൽ നിന്ന് അകന്നുനിൽക്കാൻ സാധ്യമല്ല. അതേപോലെ, സുഹൈൽ ബിൻ അംറ് ഇസ്‌ലാം സ്വീകരിച്ചതിനെക്കുറിച്ചും വിവരണമുണ്ട്. ഹുദൈബിയ്യ സന്ധിക്ക് ഖുറൈശികളുടെ പ്രതിനിധിയായി വന്നതും ഇദ്ദേഹമാണ്. അദ്ദേഹം പറയുന്നു: റസൂലുല്ലാഹി (സ) മക്കയിൽ വിജയശ്രീലാളിതനായി പ്രവേശിച്ചപ്പോൾ ഞാൻ എന്റെ വീട്ടിൽ കയറി വാതിൽ അടച്ചു. ഞാൻ എന്റെ മകനായ ഹദ്റത്ത് അബ്ദുല്ലയെ നബി തിരുമേനി(സ)യുടെ അടുത്തേക്ക് അയച്ച് തനിക്ക് അഭയം നല്കണമെന്ന് ആവശ്യപ്പെട്ടു. നബി തിരുമേനി(സ) അദ്ദേഹത്തിന് അഭയം നല്കിക്കൊണ്ട് പറഞ്ഞു: സുഹൈലിനെപ്പോലെ ഒരു ബുദ്ധിമാനും മാന്യനുമായ ഒരാൾക്ക് ഇസ്‌ലാമിൽ നിന്ന് കൂടുതൽ കാലം അകന്നുനിൽക്കാൻ സാധിക്കില്ല. അതറിഞ്ഞപ്പോൾ സുഹൈൽ പറഞ്ഞു: അല്ലാഹുവാണ! മുഹമ്മദ്(സ) ചെറുപ്പത്തിലും നന്മ ചെയ്യുന്നവരായിരുന്നു, ഈ പ്രായത്തിലും നന്മ ചെയ്യുന്നവരാണ്. ഹുനൈൻ യുദ്ധത്തിൽ അദ്ദേഹം മുശ്‌രിക്കായിരിക്കെ തന്നെ നബിതങ്ങളോടൊപ്പം പങ്കെടുത്തു. യുദ്ധത്തിൽ നിന്ന് മടങ്ങുമ്പോൾ ഇസ്‌ലാം സ്വീകരിച്ചു. മക്കയിലെ ഖുറൈശി നേതാക്കളിൽ ഇസ്‌ലാം സ്വീകരിച്ചവരിൽ ഏറ്റവും കൂടുതൽ നമസ്കരിക്കുന്നതും നോമ്പെടുക്കുന്നതും സദ്ഖ നൽകുന്നതും സുഹൈൽ ആയിരുന്നു എന്ന് രേഖപ്പെട്ടിട്ടുണ്ട്. അദ്ദേഹം കൂടുതലായി വിലപിക്കുമായിരുന്നു. ഖുർആൻ ഓതുമ്പോൾ മിക്കപ്പോഴും കരയുമായിരുന്നു.

സുഹൈൽ ബിൻ അംറിന്റെ മറ്റൊരു സംഭവം കൂടി വിവരിക്കപ്പെടുന്നുണ്ട്. സുഹൈൽ ഖുറൈശികളുടെ പ്രമുഖ പ്രസംഗകൻ കൂടിയായിരുന്നു. ബദ്ർ യുദ്ധത്തിൽ അവിശ്വാസിയായിരുന്നപ്പോൾ മുസ്ലിംങ്ങളുടെ തടവുകാരനായി പിടിക്കപ്പെട്ടു. അദ്ദേഹം തന്റെ ചുണ്ടുകളിൽ അടയാളം ഉണ്ടാക്കിയിരുന്നു. ഈ സമയത്ത് ഹദ്റത്ത് ഉമർ റസൂലുല്ലാഹി (സ)യോട് പറഞ്ഞു: യാ റസൂലല്ലാഹ്, ഇദ്ദേഹത്തിന്റെ രണ്ട് മുൻപല്ലുകൾ എടുത്തു കളയാം, അതിലാണ് ഇദ്ദേഹം അടയാളം ഉണ്ടാക്കിയിരിക്കുന്നത്". അങ്ങനെയാണെങ്കിൽ ഇയാൾക്ക് താങ്കൾക്കെതിരെ പ്രസംഗിക്കാൻ കഴിയില്ല. പല്ലുകൾ ഇല്ലാതിരുന്നാൽ ഇയാൾക്ക് നന്നായി സംസാരിക്കാൻ കഴിയില്ല. ഹദ്റത്ത് ഉമർ (റ) അദ്ദേഹത്തിന് ശിക്ഷ നൽകാൻ ആഗ്രഹിച്ചപ്പോൾ നബി തിരുമേനി (സ) പറഞ്ഞു: അരുത്, ഒന്നും ചെയ്യരുത്. ഒരു സമയം വരും, അദ്ദേഹം ഒരിടത്തുനിന്നു പ്രസംഗിക്കുകയും നിങ്ങൾ അദ്ദേഹത്തെ പ്രശംസിക്കുകയും ചെയ്യും. അദ്ദേഹം പറയുന്നു: ആ സന്ദർഭം നബി തിരുമേനി(സ)യുടെ വിയോഗ സമയത്ത് വന്നു. മക്കയിലെ ആളുകൾ ആശയക്കുഴപ്പത്തിലായി. ഖുറൈശികൾ മക്കക്കാരെ മതം ഉപേക്ഷിക്കുന്നതായി കണ്ടപ്പോൾ, നബി തിരുമേനി(സ) മക്കയുടെ ഭരണാധികാരിയായി നിയമിച്ച ഹദ്റത്ത് അത്താബ് ബിൻ ഉസൈദ് അമവി ഒളിച്ചോടി. ഇത്തരം ഒരു മോശം സാഹചര്യം വന്നപ്പോൾ, ഹദ്റത്ത് സുഹൈൽ ബിൻ അംറ് എഴുന്നേറ്റ് പ്രസംഗിച്ചു. ഓ ഖുറൈശികളേ, നിങ്ങൾ അവസാനം ഇസ്‌ലാം സ്വീകരിച്ചവരാണ്. അവസാനം ഇസ്‌ലാം സ്വീകരിക്കുകയും ആദ്യമായി മതം ഉപേക്ഷിക്കുന്നവരുമാകരുത്. അല്ലാഹുവാണ! ഈ മതം ചന്ദ്രനും സൂര്യനും ഉദിച്ചതു മുതൽ അസ്തമിക്കുന്നതു വരെ വ്യാപിക്കുന്നതു പോലെ വ്യാപിക്കും. ഈ പ്രസംഗം മക്കയിലെ ജനഹൃദയങ്ങളിൽ സ്വാധീനം ചെലുത്തി, അവർ മത പരിത്യാഗം ഉപേക്ഷിച്ചു. ഒളിച്ചോടിയ ഹദ്റത്ത് അത്താബ് ബിൻ ഉസൈദിനെയും തിരിച്ചുവിളിച്ചു. അങ്ങനെ ഖുറൈശികൾ ഇസ്‌ലാമിൽ ഉറച്ചുനിന്നു.

പിന്നീട് ഹദ്റത്ത് ഉത്ബയുടെയും മുഅത്തബിന്റെയും ഇസ്‌ലാം സ്വീകരണത്തെക്കുറിച്ച് രേഖപ്പെട്ടിട്ടുണ്ട്. ഹദ്റത്ത് അബ്ബാസിൽ നിന്ന് നിവേദനം, മക്കാ വിജയ ദിവസം നിങ്ങൾ മക്കയിൽ വന്നപ്പോൾ, നബി തിരുമേനി(സ) എന്നോട് ചോദിച്ചു: താങ്കളുടെ പിതൃസഹോദരന്റെ മകനായ അബു ലഹബിന്റെ മക്കൾ ഉത്ബയും മുഅത്തബും എവിടെ? ഞാൻ പറഞ്ഞു: മറ്റെല്ലാ സത്യനിഷേധികളെയും പോലെ അവർ മാറിനിൽക്കുകയാണ്. നബി തിരുമേനി (സ)യുടെ നിർദേശ പ്രകാരം ഹദ്റത്ത് അബ്ബാസ് അവരെ കൂട്ടിക്കൊണ്ടുവന്നു. നബി തിരുമേനി (സ) അവരെ ഇസ്‌ലാമിലേക്ക് ക്ഷണിച്ചു. അവർ ഇസ്‌ലാം സ്വീകരിക്കുകയും അനുസരണപ്രതിജ്ഞയെടുക്കുകയും ചെയ്തു. പിന്നീട് നബി തിരുമേനി(സ) എഴു

ന്നേറ്റ് അവരുടെ കൈകൾ പിടിച്ച് മുൽതസിമിന്റെ അടുത്തേക്ക് കൊണ്ടുവന്നു. ഹജറുൽ അസ്വദിനും കഅബയുടെ വാതിലിനുമിടയിലുള്ള ഈ സ്ഥലം പ്രത്യേകിച്ച് ദുആകൾ സ്വീകരിക്കപ്പെടുന്ന സ്ഥലമാണ്. നബി തിരുമേനി (സ) അവിടെ കുറച്ചുനേരം ദുആ ചെയ്തു, പിന്നീട് മടങ്ങിപ്പോയി. നബിതിരുമേനി(സ)യുടെ മുഖത്ത് സന്തോഷം കളിയാടിയിരുന്നു. ഹദ്റത്ത് അബ്ബാസ് പറഞ്ഞു: യാ റസൂലല്ലാഹ്, അല്ലാഹു അങ്ങയെ സദാ സന്തോഷവാനാക്കട്ടെ, അങ്ങയുടെ മുഖത്ത് ഞാൻ സന്തോഷം കാണുന്നു. അവിടുന്ന് പറഞ്ഞു: എന്റെ രണ്ട് പിതൃസഹോദരന്മാരുടെ മക്കളെ ഞാൻ എന്റെ റബ്ബിനോട് ചോദിച്ചിരുന്നു. അല്ലാഹു എനിക്ക് ഇവരെ പ്രദാനം ചെയ്തു.

പിന്നീട് സഫ്‌വാൻ ബിൻ ഉമയ്യയുടെ ഇസ്‌ലാം സ്വീകരണത്തെക്കുറിച്ചാണ്. സഫ്‌വാൻ ബിൻ ഉമയ്യ, മക്കയിലെ നേതാവായിരുന്ന ഉമയ്യ ബിൻ ഖലഫിന്റെ മകനായിരുന്നു. ഇയാൾ നബി തിരുമേനി(സ)യെ വധിക്കാൻ ഗൂഢാലോചന നടത്തിയിരുന്നു. മക്കാ വിജയ സമയത്ത് ഹദ്റത്ത് ഉമൈർ ബിൻ വഹ്ബ് അദ്ദേഹത്തിന് അഭയം നല്കണമെന്ന് അഭ്യർഥിച്ചു. തിരുനബി(സ) അത് അംഗീകരിച്ചു. സഫ്‌വാൻ റസൂലുല്ലാഹി(സ)യുടെ അടുത്ത് എത്തയിട്ട് തനിക്ക് രണ്ട് മാസത്തെ സമയം തരണം, എനിക്ക് ഇപ്പോൾ ഇസ്‌ലാം സ്വീകരിക്കാൻ കഴിയില്ലെന്ന് പറഞ്ഞു. പിന്നീട് ഹുനൈൻ, ത്വാഇഫ് യുദ്ധങ്ങൾക്ക് ശേഷം നബി തിരുമേനി(സ) യുദ്ധമുതൽ വിതരണം ചെയ്തു. സഫ്‌വാൻ അവിടെ ഒരു താഴ്‌വരയിലേക്ക് നോക്കി നിൽക്കുന്നത് നബി തിരുമേനി(സ) കണ്ടു, ആ താഴ്‌വര ആടുകളെക്കൊണ്ട് നിറഞ്ഞിരിക്കുകയായിരുന്നു. സഫ്വാൻ അതിലേക്ക് തന്നെ നോക്കിനിൽക്കുകയായിരുന്നു. നബി തിരുമേനി(സ) പറഞ്ഞു: ഈ താഴ്‌വരയും അതിലുള്ളതെല്ലാം താങ്കളുടേതാണ്. സഫ്‌വാൻ ആ മുഴുവൻ സമ്പത്തും സ്വന്തമാക്കി. എന്നിട്ട് പറഞ്ഞു: ഒരു നബിയുടെ ഉദാരമനസ്കതയ്ക്കു സമാനമായി ഔദാര്യം കാണിക്കാൻ മറ്റാർക്കും കഴിയില്ല. അദ്ദേഹം അപ്പോൾത്തന്നെ ഇസ്‌ലാം സ്വീകരിച്ചു.

മക്കാവിജയ സമയത്ത് ഇസ്‌ലാം സ്വീകരിച്ച ഈ മക്കയിലെ നേതാക്കന്മാരിൽ ഭൂരിഭാഗം ആളുകളും പിന്നീട് അവരുടെ ജീവിതത്തിൽ വലിയ ആത്മീയ പരിവർത്തനം വരുത്തി. ഹദ്റത്ത് മുസ്ലിഹ് മൗഊദ് ഇക്കാര്യം വിവരിച്ചുകൊണ്ട് പറയുന്നു, ഒരു തവണ ഹദ്റത്ത് ഉമർ തന്റെ ഭരണകാലത്ത് മക്കയിൽ വന്നപ്പോൾ പ്രമുഖ കുടുംബങ്ങളിൽ നിന്നുള്ള വലിയ നേതാക്കന്മാർ തങ്ങൾക്ക് നഷ്ടപ്പെട്ട ബഹുമാനം തിരികെ ലഭിക്കുമെന്നു കരുതി അദ്ദേഹത്തെ കാണാൻ വന്നു. അവർ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ ആദ്യകാലത്ത് ഇസ്‌ലാം സ്വീകരിച്ച അടിമകൾ ഓരോരുത്തരായി വന്നു. ഹദ്റത്ത് ഉമർ ഓരോ അടിമയുടെയും വരവിലും നേതാക്കന്മാരോട് അല്പം പിന്നോട്ട് മാറാൻ പറഞ്ഞുകൊണ്ടിരുന്നു. അവസാനം അവർക്ക് ചെരിപ്പുകൾ സൂക്ഷിക്കുന്ന സ്ഥലത്ത് ഇരിക്കേണ്ടിവന്നു. ഇത് അവർക്ക് സഹിക്കാൻ കഴിഞ്ഞില്ല, അതിനാൽ അവർ എഴുന്നേറ്റ് പുറത്തുപോയി. പുറത്തിറങ്ങിയ ശേഷം അവർ പരസ്പരം പരാതി പറഞ്ഞു, ഇന്ന് നമുക്ക് വലിയ അപമാനമുണ്ടായിരിക്കുന്നു. ഇത് കേട്ടപ്പോൾ ഒരു ചെറുപ്പക്കാരൻ പറഞ്ഞു, ഇതിൽ ഹദ്റത്ത് ഉമറിന്റെ യാതൊരു തെറ്റുമില്ല. ഇത് നമ്മുടെ പിതാക്കന്മാരുടെ തെറ്റാണ്. അതിന്റെ ശിക്ഷയാണ് ഇന്ന് നമുക്ക് ലഭിച്ചത്. അവന്റെ ഈ വാക്കുകൾ കേട്ടപ്പോൾ മറ്റുള്ളവർ ചോദിച്ചു: ഈ അപമാനം ഇല്ലാതാക്കാൻ വല്ല പോംവഴിയുമുണ്ടോ? അവർ പരസ്പരം കൂടിയാലോചിച്ചു. അവർ ഹദ്റത്ത് ഉമറിന്റെ അടുത്തെത്തി ചോദിച്ചു. ഹദ്റത്ത് ഉമറിന് ദുഃഖം കാരണം സംസാരിക്കാൻ കഴിഞ്ഞില്ല. അദ്ദേഹം കൈ ഉയർത്തി വടക്കോട്ട് വിരൽ ചൂണ്ടി. അതായത്, വടക്ക് ഭാഗത്തുള്ള സിറിയയിൽ ചില ഇസ്ലാമിക യുദ്ധങ്ങൾ നടക്കുന്നുണ്ട് അതിൽ നിങ്ങൾ പങ്കെടുത്താൽ ഒരുപക്ഷേ നിങ്ങളുടെ പാപങ്ങൾക്ക് പ്രായശ്ചിത്തമാകും എന്ന് അദ്ദേഹം സൂചന നല്കി. അവർ ഉടൻ തന്നെ അവിടെ നിന്ന് എഴുന്നേറ്റ് ആ യുദ്ധത്തിൽ ചേരാനായി പുറപ്പെട്ടു. ചരിത്രത്തിൽ വന്നിരിക്കുന്നു, ആ പ്രമുഖരിൽ ഒരാൾപോലും ജീവനോടെ മടങ്ങിവന്നില്ല. എല്ലാവരും അവിടെ വച്ച് രക്തസാക്ഷികളായി. അങ്ങനെ അവർ തങ്ങളുടെ കുടുംബങ്ങളുടെ മേലുണ്ടായിരുന്ന കളങ്കം നീക്കി.

മക്കാവിജയത്തിന് ശേഷം നബി തിരുമേനി (സ) ഈ വിഗ്രഹങ്ങളുടെ കേന്ദ്രങ്ങൾ നശിപ്പിക്കാൻ കല്പിച്ചു. ആളുകളുടെ മനസ്സിൽ നിന്ന് അവയെക്കുറിച്ചുള്ള ഭയവും ബഹുമാനവും ഇല്ലാതാക്കുക എന്നതായിരുന്നു അതിന്റെ ലക്ഷ്യം.

മറ്റുചില സംഭവങ്ങളുമുണ്ട്. അവ ഞാൻ പിന്നീട്ട് വിവരിക്കുന്നതായിരിക്കും. ഇൻശാ അല്ലാഹ്.

ഖുത്ബയുടെ അവസാനത്തിൽ ഹുസൂർ തിരുമനസ്സ് രണ്ട് പരേതാത്മാക്കളെ അനുസ്മരിക്കുകയും അവരുടെ ജനാസ ഗായിബ് നമസ്കാരം നിർവഹിക്കുമെന്ന് വിളംബരപ്പെടുത്തുകയുംചെയ്തു. അതിലൊന്ന്

ജാംഷോറോ ഹൈദരാബാദിൽ നിന്നുള്ള ചൗധരി അബ്ദുൽ ഗഫൂർ സാഹിബിന്റേതായിരുന്നു. അദ്ദേഹം ചൗധരി ഗുലാം ഖാദിർ സാഹിബിന്റെ മകനായിരുന്നു. രണ്ടാമത്തെ അനുസ്മരണം കർതാർപൂർ ഫൈസലാബാദിലെ മുഹമ്മദ് അലി സാഹിബിനെക്കുറിച്ചുള്ളതായിരുന്നു. ഇരുവർക്കും വേണ്ടി ഹുസൂർ തിരുമനസ്സ് ദുആ ചെയ്യുകയുണ്ടായി.

اَلْحَمْدُ لِلّٰہِ نَحْمَدُہٗ وَ نَسْتَعِیْنُہٗ وَ نَسْتَغْفِرُہٗ وَنُؤْمِنُ
بِہٖ وَ نَتَوَکَّلُ عَلَیْہِ وَ نَعُوْذُ بِاللّٰہِ مِنْ شُرُوْرِ اَنْفُسِنَا وَ
مِنْ سَیِّئَاتِ اَعْمَالِنَا مَنْ یَّھْدِہِ اللّٰہُ فَلَا مُضِلَّ لَہٗ وَمَنْ
یُّضْلِلْہُ فَلَا ھَادِیَ لَہٗ۔ وَنَشْھَدُ اَنْ لَّآ اِلٰہَ اِلَّا اللّٰہُ وَنَشْھَدُ اَنَّ
مُحَمَّدًا عَبْدُہٗ وَ رَسُوْلُہٗ۔ عِبَادَ اللّٰہِ رَحِمَکُمُ اللّٰہُ اِنَّ اللّٰہَ یَاْمُرُ
بِالْعَدْلِ وَ الْاِحْسَانِ وَ اِیْتَاءِ ذِی الْقُرْبٰی وَ یَنْھٰی عَنِ الْفَحْشَاءِ
وَ الْمُنْکَرِ وَ الْبَغْیِ یَعِظُکُمْ لَعَلَّکُمْ تَذَکَّرُوْنَ اُذْکُرُوا اللّٰہَ
یَذْکُرْکُمْ وَ ادْعُوْہُ یَسْتَجِبْ لَکُمْ وَلَذِکْرُ اللّٰہِ اَکْبَرُ۔

**FRIDAY SERMON SUMMARY** DELIVERED BY **HADRAT KHALIFATUL MASIH V(ATBA)**
ISLAMABAD UK ON 08.08.2025
SUMMARIZED BY MAJLIS ANSARULLAH BHARAT
MALAYALAM TRANSLATION BY AMNAS PK
FOR MALAYALAM DESK, QADIAN
PUBLISHED BY NAZARAT NASHR-O-ISHAAT,
SADR ANJUMAN AHMADIYYA QADIAN 143516